# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2724** 02.04.2013 ൽ മറുപടിക്ക്

**അടൂർ വിദ്യാഭ്യാസ ജില്ല രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ.പി.കെ.അബ്ദു റബ്ബ് ( വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | അടൂർ താലൂക്കിന്റെ അതിർത്തി പ്രദേശങ്ങളിൽ നിന്നും ദൂരത്തായി സ്ഥിതി ചെയ്യുന്ന പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ആഫീസുമായി ബന്ധപ്പെടുന്നതിന് അടൂർ നിവാസികൾ വളരെയേറെ ബുദ്ധിമുട്ടനുഭവിച്ചു വരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇല്ലായെങ്കിൽ അനുബന്ധ വിഷയത്തിന്മേൽ വിശദമായ വിലയിരുത്തൽ നടത്തുമോ; | (ബി) | ബാധകമല്ല |
| (സി) | പത്തനംതിട്ട റവന്യൂ ജില്ലയിൽ നിലവിലുള്ള തിരുവല്ല, പത്തനംതിട്ട വിദ്യാഭ്യാസ ജില്ല ആഫീസുകളുടെ പരിധിയിൽ വരുന്നതായ സ്കൂളുകളുടേയും മറ്റ് അനുബന്ധ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പുനരൂപീകരണം നടത്തി അടൂർ വിദ്യാഭ്യാസ ജില്ല രൂപീകരിക്കുന്നതിനുള്ള നടപടി നിലവിലുണ്ടോ; | (സി), & (ഡി) | നിലവിലുള്ള പത്തനംതിട്ട, തിരുവല്ല വിദ്യാഭ്യാസ ജില്ലകൾ വിഭജിച്ച് അടൂർ കേന്ദ്രമായി ജില്ലാ വിദ്യാഭ്യാസ ഓഫീസ് ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ പൊതു വിദ്യാഭ്യാസ ഡയറക്ടർ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | ഇല്ലായെങ്കിൽ അടൂർ വിദ്യാഭ്യാസ ജില്ല രൂപീകരിച്ച് നിലവിൽ പത്തനംതിട്ട, തിരുവല്ല എന്നീ ജില്ലാ ആഫീസുകളിൽ നിലനിൽക്കുന്ന ജോലിഭാരം കുറച്ച് കാര്യക്ഷമതയോടെ ജോലി നിർവ്വഹിക്കുന്നതിനും, അടൂർ നിവാസികൾ ഇന്നനുഭവിക്കുന്ന ജില്ലാ വിദ്യാഭ്യാസ ആഫീസ് ഇല്ലായ്മ പരിഹരിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ